بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 23.02.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## മുസ്‌ലിഹ് മൗഊദ് (റ): അന്യരുടെ സാക്ഷ്യങ്ങൾ

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിന്റെ ചില വശങ്ങൾ ഞാൻ ഇന്ന് പരാമർശിക്കുന്നതാണ്. എല്ലാ അഹ്മദികൾക്കും അറിയാവുന്നതുപോലെ എല്ലാ വർഷവും ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തെപറ്റി യോഗങ്ങൾ നടത്താറുണ്ട്. 1886 ഫെബ്രുവരി 20 ലെ പ്രവചനമാണിത്; ഇതിൽ മസീഹ് മൗഊദ്(അ) വ്യത്യസ്ത ഗുണങ്ങളുള്ള ഒരു പുത്രന്റെ ജനനത്തെക്കുറിച്ച് അറിയിച്ചു. എന്നാൽ ഇത് വിവരിക്കുന്നതിന് മുമ്പ്, നമ്മൾ ജന്മദിനം ആഘോഷിക്കുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജന്മദിനം ആഘോഷിക്കുന്നതെന്ന ചോദ്യത്തിന് കുട്ടികൾക്കും ചില യുവാക്കൾക്കും ഉത്തരം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം വ്യക്തമാക്കാം, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ ജന്മദിനം ആഘോഷിക്കുന്നില്ല, എന്നാൽ പ്രവചനം പൂർത്തിയായതിൽ യോഗങ്ങൾ നടത്തുകയാണ് ചെയ്യുന്നത്. 1889 ജനുവരി 12 നാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനി(റ) ജനിച്ചത്. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് മുസ്‌ലിഹ് മൗഊദിന്റെ പ്രവചനം എന്താണ് എന്ന് വായിച്ച് മനസ്സിലാക്കിക്കൊടുക്കണം. ഒരു മഹത്തായ പ്രവചനമാണിത്. ഇതിനെപറ്റി മുൻകാല ഗ്രന്ഥങ്ങളിൽ മുൻപ്രവാചകന്മാരും അറിയിച്ചിട്ടുള്ളതാണ്. പിന്നീട് തിരുനബി(സ)യുടെ വചനങ്ങളുടെ പ്രവചനമനുസരിച്ചും അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)നോട് പ്രഖ്യാപിക്കാൻ പറഞ്ഞിരുന്നു. ഇതൊരു നീണ്ട പ്രവചനമാണ്. ഈ പ്രവചനത്തിൽ, ഈ ആൺ കുട്ടിയുടെ സവിശേഷതകൾ വിവരിച്ചിരിക്കുന്നു. അതിൽ ഞാൻ ചിലത് പരാമർശിക്കുന്നതാണ്. (ഇൽഹാമിൽ) പറഞ്ഞു: അവൻ വളരെ ബുദ്ധിമാനും കാര്യക്ഷമനുമായിരിക്കും. ബാഹ്യവും ആന്തരികവുമായ അറിവുകളാൽ അവൻ നിറക്കപ്പെടും. അവൻ ബന്ധനസ്ഥരുടെ മോചനത്തിനു നിമിത്തമാകും. നീണ്ട പ്രവചനങ്ങളിൽ ചിലതാണ് ഇവ. പറഞ്ഞ കാലയളവിനുള്ളിൽ തന്നെ ആ ബാലൻ ജനിച്ചതും പ്രവചനത്തിന്റെ അമ്പതോ അമ്പത്തിരണ്ടോ ഭാഗങ്ങൾ പൂർത്തിയായതും നമ്മൾ കണ്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖിലാഫത്തിന്റെ ഓരോ ദിവസവും ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നു. ഓരോ ദിവസവും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയുടെ വ്യക്തമായ തെളിവാണ്. ഈ പ്രവചനത്തെ പറ്റി ജമാഅത്തുമായി യാതൊരു ബന്ധവുമില്ലാത്ത, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അറിയപ്പെടുന്ന വ്യക്തിത്വങ്ങളായ നിഷ്പക്ഷമതികളുടെ സാക്ഷ്യങ്ങൾ ഞാൻ അവതരിപ്പിക്കാം.

ഗവേഷകനും എഴുത്തുകാരനും സാഹിത്യകാരനും പത്രപ്രവർത്തകനും ചരിത്രകാരനുമായ മൗലാനാ ഗുലാം റസൂൽ സാഹിബ് മെഹർ, ഷെയ്ഖ് അബ്ദുൾ മജീദ് സാഹിബിനോട് പറഞ്ഞു: നിങ്ങളുടെ ഒരു പുസ്തകങ്ങളിൽനിന്നും ഈ മഹാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൂർണ്ണമായ വിവരണങ്ങൾ ലഭിക്കുന്നില്ല. ഞങ്ങൾ അദ്ദേഹത്തെ അടുത്ത് കണ്ടിട്ടുള്ളവരാണ്. പലതവണ കൂടിക്കാഴ്ച നടത്തിയിട്ടുമുണ്ട്. അദ്ദേഹത്തിന്റെ അസ്തിത്വം മുസ്‌ലിം സമൂഹത്തിന്വേണ്ടിയുള്ള ത്യാഗമായിരുന്നു. ആ വ്യക്തിത്വത്തിൽ വിഭാഗീയതയുടെ പക്ഷപാതം ഞാൻ പേരിനുപോലും കണ്ടിട്ടില്ല. അദ്ദേഹം വളരെ ബുദ്ധിമാനായിരുന്നു. ഖേദകരമെന്നു പറയട്ടെ, മുസ്‌ലിംകൾ മിർസാ സാഹിബിനെ വിലമതിച്ചില്ല. കടുത്ത എതിർപ്പിന്റെ കൊടുങ്കാറ്റുകൾക്കിടയിലും, മിർസാ സാഹിബിൽ നിരാശയും തണുപ്പൻ പ്രതികരണവും ഞാൻ കണ്ടിട്ടില്ല.

ലാലാ ഭീം സീനിന്റെ മകൻ കാശ്മീർ മുൻ ചീഫ് ജഡ്ജ് ആയിരുന്ന ലാലാ കൻവർ സീൻ സാഹിബ്

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഭാഷാ ജനനിയായ അറബി ഭാഷയുടെ സ്ഥാനം എന്ന പ്രസംഗത്തെക്കുറിച്ച് തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് നടത്തിയ പ്രഭാഷണത്തിൽ പറഞ്ഞു: ഇന്ന് നടന്ന പ്രഭാഷണം വളരെ വൈജ്ഞാനികവും ദാർശനികവുമായിരുന്നു. ഈ പ്രഭാഷണത്തിന്റെ പ്രഭാവം വളരെക്കാലം എന്റെ ഹൃദയത്തിൽ നിലനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് വിദ്യാഭ്യാസപരമായി പ്രൈമറി തലം പോലും വിജയിച്ചിട്ടുണ്ടായിരുന്നില്ല അല്ലാഹു വാഗ്ദാനം ചെയ്തതുപോലെ ആ വിജ്ഞാനങ്ങളാൽ അദ്ദേഹത്തെ നിറക്കുകയുണ്ടായി. അദ്ദേഹത്തെപറ്റി മറ്റുള്ളവർക്ക് പ്രശംസിക്കാതെ ഇരിക്കാൻ കഴിഞ്ഞില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖലീഫ ആയതിനു കുറച്ച് ദിവസങ്ങൾക്ക്ശേഷം, ഒരു അമേരിക്കൻ പാസ്റ്റർ ഖാദിയാനിൽ വന്ന് ചില പ്രധാന മതപരമായ ചോദ്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു: ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം നൽകാൻ ഒരു വലിയ മുസ്‌ലിം പണ്ഡിതനും ഇന്ന് വരെ കഴിഞ്ഞിട്ടില്ല. ഈ ചോദ്യങ്ങൾ താങ്കളുടെ ഖലീഫ സാഹിബിന്റെ മുമ്പിൽ വെക്കാനാണ് ഞാൻ പ്രത്യേകിച്ച് വന്നത്. ഈ ചോദ്യങ്ങളെല്ലാം ശാന്തമായി ശ്രവിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തൃപ്തികരമായ മറുപടികൾ നൽകിയപ്പോൾ പാതിരി പറഞ്ഞു: ഇത്രയും യുക്തിസഹമായ ഒരു സംഭാഷണവും ശക്തമായ തെളിവുകളും ഒരു മുസ്‌ലീമിന്റെയും വായിൽനിന്ന് ഞാൻ കേട്ടിട്ടില്ല. താങ്കളുടെ ഖലീഫ വലിയ പണ്ഡിതനാണെന്നും മതലോകത്തെ കുറിച്ച് ആഴത്തിലുള്ള ധാരണയുള്ളയാളാണെന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ഇതും പറഞ്ഞ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ വിനയപൂർവ്വം ചുംബിച്ചുകൊണ്ട് അദ്ദേഹം തിരിച്ചുപോയി.

സിയാസത്ത് പത്രം എഴുതി, മതപരമായ ഭിന്നതകൾ മാറ്റിനിർത്തിയാൽ, ഗ്രന്ഥരചനയിലും സമാഹാരത്തിലും ജനാബ് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് നടത്തിയ പ്രവർത്തനങ്ങൾ ആഴത്തിലും പ്രയോജനത്തിലും എല്ലാ പ്രശംസയും അർഹിക്കുന്നതാണ്.

ലണ്ടൻ വട്ടമേശ സമ്മേളനത്തെ പരാമർശിച്ച് മൗലാനാ മുഹമ്മദ് അലി ജോഹർ സാഹിബ് തന്റെ പത്രമായ ഹംദർദിൽ എഴുതുന്നു, ഈ വരികളിൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനെയും അദ്ദേഹത്തിന്റെ വ്യവസ്ഥാപിത ജമാഅത്തിനെയും പരാമർശിക്കാതിരിക്കുന്നത് നന്ദികേടായിരിക്കും. അദ്ദേഹം തന്റെ എല്ലാ ശ്രദ്ധയും അഭിപ്രായ ഭിന്നതകൾക്കതീതമായി എല്ലാ മുസ്‌ലിംകളുടെയും ക്ഷേമത്തിനായി സമർപ്പിച്ചിരുന്നു. ഈ സമയത്ത്, ഒരു വശത്ത് മുസ്‌ലിംകളുടെ രാഷ്ട്രീയ കാര്യത്തിൽ താൽപ്പര്യം കാണിച്ചിരുന്നെങ്കിൽ, മറുവശത്ത് മുസ്‌ലിംകളുടെ സംഘടനാപരവും പ്രബോധനപരവും വാണിജ്യപരവുമായ കാര്യങ്ങളിലും വളരേയധികം സജീവമായിരുന്നു. ഈ സംഘടിത ജമാഅത്തിന്റെ പ്രവർത്തനശൈലി, ഇസ്‌ലാമിന് പൊതുവിലും, വലിയ പ്രസംഗപീഠങ്ങളിൽ ഇരുന്നു നേതാക്കളാണെന്ന് ഉറക്കെ അവകാശവാദം ഉന്നയിക്കുന്ന എന്നാൽ ആന്തരികമായി വെറും വീരവാദം മാത്രമായ അത്തരം ആളുകൾക്ക് പ്രത്യേകിച്ചും വഴികാട്ടിയായി മാറുന്ന കാലം അധികം വിദൂരമല്ല.

1927 മാർച്ച് 24 ന് ലാഹോറിൽ ചേർന്ന ഒരു യോഗത്തിൽ അധ്യക്ഷനായിരുന്ന ഡോ. അല്ലാമാ മുഹമ്മദ് ഇഖ്ബാൽ പറഞ്ഞ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവിടെ പ്രഭാഷണം നടത്തിയതിനുശേഷം അല്ലാമാ ഇഖ്ബാൽ സാഹിബ് പറഞ്ഞു: ലാഹോറിൽ വളരെക്കാലത്തിന്ശേഷമാണ് ഇത്തരമൊരു പ്രസംഗം കേൾക്കുന്നത്. പ്രത്യേകിച്ചും മിർസാ സാഹിബ് വിശുദ്ധ ഖുർആനിലെ സൂക്തങ്ങളെ പറ്റി എടുത്തുപറഞ്ഞ കാര്യങ്ങൾ വളരെയേറെ സമുചിതമായിരുന്നു. എന്റെ സംസാരം കൂടുതൽ നീട്ടിക്കൊണ്ടുപോയി അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽനിന്നും എനിക്ക് ലഭിക്കുന്ന ആനന്ദം നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

1919 ൽ ലാഹോറിൽ ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം എന്ന വിഷയത്തിൽ മുസ്‌ലിഹ് മൗഊദ്(റ) പ്രഭാഷണം നടത്തിയിരുന്നു. ലാഹോർ ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പാൾ സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു: ഈ പ്രസംഗം വളരെ പണ്ഡിതോചിതമാണ്. എനിക്ക് ഇസ്‌ലാമിക ചരിത്രത്തിൽ അവഗാഹമുണ്ട്. ഹദ്റത്ത് ഉസ്മാന്റെ കാലഘട്ടത്തിലെ ഭിന്നിപ്പുകളുടെ അടിത്തട്ടിൽ എത്താനും ആ മാരകമായ ആഭ്യന്തര കലഹത്തിന്റെ യഥാർഥ കാരണങ്ങൾ മനസ്സിലാക്കുന്നതിൽ വിജയിച്ച മുസ്‌ലിം അമുസ്‌ലിം ചരിത്രകാരന്മാർ ദുർലബമാണെന്ന് എനിക്ക് സത്യസന്ധമായി പറയാൻ കഴിയും. ആഭ്യന്തരകലഹത്തിന്റെ കാരണങ്ങൾ മനസ്സിലാക്കുന്നതിൽ ഹദ്റത്ത് മിർസാ സാഹിബ് വിജയിച്ചുവെന്ന് മാത്രമല്ല, ഖിലാഫത്ത് സൗധം വളരെക്കാലം പ്രക്ഷുബ്ധമായി നിലനിന്ന സംഭവങ്ങൾ വളരെ വ്യക്തമായ രീതിയിൽ അദ്ദേഹം വിവരിച്ചിട്ടുമുണ്ട്.

ഇത്രയും യുക്തിസഹമായ പ്രഭാഷണം ഇസ്‌ലാമിക ചരിത്രതൽപരരുടെ കൺമുന്നിൽ ഇതിനു മുമ്പ് കടന്നുപോയിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

ദിമിശ്ഖിലെ അൽഇമ്രാൻ പത്രം 1924 ഓഗസ്റ്റ് 10 ന് മഹ്ദി ദിമിശ്ഖിൽ എന്ന തലക്കെട്ടിൽ എഴുതുന്നു, താങ്കളെ ആഴത്തിൽ ഗവേഷണം നടത്തുന്ന പണ്ഡിതനായും എല്ലാ മതങ്ങളെയും ചരിത്രങ്ങളേയും തത്വശാസ്ത്രങ്ങളേയുംപറ്റി ആഴത്തിൽ പഠനമുള്ളയാളായും ദൈവിക നിയമത്തിന്റെ യുക്തിയും തത്വവും അറിയുന്ന ആളായും കാണുന്നു.

പ്രസിദ്ധ രാഷ്ട്രീയക്കാരനും എഴുത്തുകാരനുമായ മുഹമ്മദ് ശഫീഅ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിയോഗത്തിൽ എഴുതി, മിർസാ മഹ്മൂദ് അഹ്മദ് ഖിലാഫത്ത് പദവിയിൽ അവരോധിതനായതിനുശേഷം തന്റെ ജമാഅത്തിനെ പുനഃസംഘടിപ്പിച്ച രീതിയും സ്വദർ അഞ്ചുമൻ അഹ്മദിയ്യയെ സജീവമായ സംവിധാനമാക്കിയ രീതിയും അദ്ദേഹത്തിന്റെ അപാരമായ സംഘടനാ മികവ് ആണ് കാണിക്കുന്നത്. യൂണിവേഴ്സിറ്റി ബിരുദം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. പക്ഷേ അദ്ദേഹം സ്വന്തം വായനയിലൂടെ തന്നെ യഥാർത്ഥത്തിൽ അല്ലാമ (വലിയ പണ്ഡിതൻ) എന്ന് വിളിക്കപ്പെടാൻ യോഗ്യനായിത്തീർന്നു. മിർസാ സാഹിബ് വളരെ വാചാലനായ വാഗ്മിയും മികച്ച എഴുത്തുകാരനുമായിരുന്നു. കൂടാതെ ജമാഅത്തിന്റെ പുരോഗതിക്ക് വഴി തുറക്കുന്ന എല്ലാ അവസരങ്ങളും അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവിധ വിഷയങ്ങളിൽ ജമാഅത്തിനും പൊതുവെ മുസ്‌ലിംകൾക്കും ഉപദേശനിർദേശങ്ങൾ നൽകി. പുസ്തകങ്ങൾ നിരവധി വലിയ വാല്യങ്ങളിൽ അടങ്ങിയിരിക്കുന്നു. പ്രഭാഷണങ്ങളും (ഖുത്ബകളും) ഉണ്ട്. പഴയ രേഖകളിൽനിന്നും പ്രസിദ്ധീകരിക്കാത്ത കുറിപ്പുകളിൽനിന്നും ഖുത്ബകളിൽനിന്നും പ്രസംഗങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങൾ ഇൻശാ അല്ലാഹ് പ്രസിദ്ധീകരിക്കുന്നതാണ്. ഇംഗ്ലീഷ് ഭാഷയിലും നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, ഉറുദു അറിയാത്തവർ ഈ വിജ്ഞാന സമ്പത്ത് ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. ഈ അറിവ് പ്രയോജനപ്പെടുത്താൻ അല്ലാഹു നമുക്കെല്ലാവർക്കും അവസരം നൽകട്ടെ.

ഹുസൂർ അൻവർ പറഞ്ഞു: ഇപ്പോൾ ജമാഅത്തിനെതിരായ എതിർപ്പിന്റെ പുതിയ തരംഗം പാക്കിസ്ഥാനിൽ ആരംഭിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ തോൽക്കുകയോ ആഗ്രഹിച്ച ഫലം ലഭിക്കാതിരിക്കുകയോ ചെയ്ത വലിയൊരു വിഭാഗം രാഷ്ട്രീയക്കാരും മതപണ്ഡിതന്മാരും വീണ്ടും അഹ്മദികൾക്കെതിരെ കുഴപ്പങ്ങൾ പരത്താനായി അക്രമം അഴിച്ചുവിടുകയാണ്. അതുകൊണ്ട് അഹ്മദികൾ ജാഗ്രത കാണിക്കുന്നതിനോടൊപ്പം ദുആകളിലേക്കും സ്വദഖകളിലേക്കും വളരെയധികം ശ്രദ്ധനൽകുക. അല്ലാഹു അഹ്മദികളെ സംരക്ഷിക്കട്ടെ. യെമനിലെ അഹ്മദികൾക്കായി ഒരുപാട് ദുആ ചെയ്യുക. അല്ലാഹു അവർക്ക് എളുപ്പമുണ്ടാക്കട്ടെ. അവരിൽ പലരും തടവിലാണ് കഴിയുന്നത്, അവർക്ക് എത്രയും വേഗം മോചനം ലഭിക്കുമാറാകട്ടെ. ഫലസ്തീനികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരോട് കരുണ കാണിക്കുകയും വലിയശക്തികളുടെ ആക്രമണത്തിൽ നിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യട്ടെ.

ഘാനയിൽ ജമാഅത്ത് സ്ഥാപിതമായി നൂറു വർഷം പൂർത്തിയായതിൽ നടക്കുന്ന ശതാബ്ദി സമ്മേളനം വിജയിപ്പിക്കാൻ ദുആ ചെയ്യാൻ ആഹ്വാനം നടത്തിക്കൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: നാളെ ഇവിടെ നിന്ന് എന്റെ ഒരു ലൈവ് പ്രസംഗം ഉണ്ടാകുന്നതാണ് ഇൻശാ അല്ലാഹ്. അല്ലാഹു എല്ലാ വിധത്തിലും അനുഗ്രഹിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِی الْقُرْبٰی وَيَنْھٰی عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ يَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ يَذْکُرْکُمْ وَ ادْعُوْہُ يَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 23.02.2024
Malayalam Translation, Typing & layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516